# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3866    15.12.2014-ൽ മറുപടിയ്ക്ക്

### മാവോവാദികൾ അടക്കമുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ മാവോവാദികൾ അടക്കമുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ; ഏതെല്ലാം പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവർ കേരളത്തിൽ ഇത് വരെ എത്ര ആക്രമണങ്ങൾ നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ; | (ബി) മാവോയിസ്റ്റുകൾ 2 ആക്രമണങ്ങൾ സംസ്ഥാനത്ത് നടത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റ് 3 ആക്രമണങ്ങളിൽ അവരുടെ പങ്കുള്ളതായി സംശയിക്കുന്നു.<br><br>1. 24.04.2014-ന് വയനാട് വെള്ളമുണ്ടയിൽ പ്രമോദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ അതിക്രമിച്ച് കയറുകയും മോട്ടോർസൈക്കിൾ കത്തിച്ചതും, 07.12.2014-ന് വയനാട്, വെള്ളമുണ്ടയ്ക്ക് സമീപം പോലീസ് പാർട്ടിക്ക് നേരെ വെടി ഉതിർത്തതും മാവോയിസ്റ്റുകൾ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.<br><br>2. 27.10.2013-ന് കോഴിക്കോട് ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചതും, 10.11.2014- ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതും 18.11.2014-ന വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതും മാവോയസ്റ്റുകളാണെന്ന് സംശയിക്കുന്നു. |
| (സി) ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്നും ഈ നടപടികൾക്കായി നാളിതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ? | (സി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ ഉള്ള നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. മാവോവാദികളുടെ സ്വാധീനം സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും ഇല്ലാതാ |

ക്കാൻ പ്രസ്തുത മേഖലകളിൽ വിവിധ ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും നടത്തിവരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് നിലവിൽ പരിശോധനകൾ നടത്തി വരുന്നു. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

മാവോയിസ്റ്റുകളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗങ്ങളായ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുകകൾ ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല.

സെക്ഷൻ ഓഫീസർ